# ഭക്ഷ്യ കിറ്റ് വിതരണം സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ചു. കോവിഡ് പ്രതിസന്ധിക്കു നടുവിലുംഭക്ഷ്യസുരക്ഷ ഉറപ്പാക്കി-മുഖ്യമന്ത്രി

കോവിഡ് മൂലമുണ്ടായ വലിയ പ്രതിസന്ധിക്കു നടുവിലും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പൊതു സമൂഹം നൽകിയ സഹകരണം ഭക്ഷ്യോത്പാദന-വിതരണ മേഖലകളിലെ തുടർ പ്രവർത്തനങ്ങളിലും ഉണ്ടാകണമെന്ന് അദ്ദേഹം നിർദേശിച്ചു.

എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള ഭക്ഷ്യക്കിറ്റ് സൗജന്യമായി വിതരണം ചെയ്യുന്നതിൻറെ സംസ്ഥാനതല ഉദ്ഘാടനം ഏറ്റുമാനൂർ നന്ദാവനം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ 88 ലക്ഷത്തോളം കുടുംബങ്ങൾക്ക് ആശ്വാസം പകരുന്ന നടപടി പ്രഖ്യാപിച്ച് ആഴ്ച്ചകൾക്കുള്ളിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. ഇതിന് നേതൃത്വം നൽകുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പും മന്ത്രിയും അഭിനന്ദനമർഹിക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് സംസ്ഥാനത്ത് ആരും പട്ടിണി കിടക്കരുത് എന്ന ഉറച്ച തീരുമാനത്തിൻറെ അടിസ്ഥാനത്തിലാണ് കിറ്റ് വിതരണത്തിന് തുടക്കം കുറിച്ചത്. ആദ്യ രണ്ടു ഘട്ടങ്ങളിലും ജനങ്ങൾ തികച്ചും സംതൃപ്തരായിരുന്നു. ദുരിതം തുടരുന്ന സാഹചര്യത്തിലാണ് എല്ലാ കുടുംബങ്ങൾക്കും നാലു മാസത്തേക്കു കൂടി ഭക്ഷ്യ കിറ്റ് നൽകുന്നത്.

ഭക്ഷ്യ ക്ഷാമം തടയുന്നതിന് ഭക്ഷ്യോത്പാദന മേഖലയിൽ സ്വയംപര്യാപ്തത ലക്ഷ്യമിടുന്ന സുഭിക്ഷ കേരളം പോലുള്ള പദ്ധതികളും നടപ്പാക്കിവരികയാണ്. ഈ പദ്ധതിക്ക് ലഭിച്ച സ്വീകാര്യത കണക്കിലെടുത്ത്
തുടർ പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകിവരുന്നു. കാർഷികോത്പന്നങ്ങളുടെ ഉത്പാദനത്തിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. അതോടൊപ്പം കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നു. രാജ്യത്ത് ആദ്യമായി പച്ചക്കറിക്ക് തറവില പ്രഖ്യാപിക്കുന്ന തലത്തിലേക്ക് കേരളം മാറുകയാണ്-മുഖ്യമന്ത്രി പറഞ്ഞു.

വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി പി. തിലോത്തമൻ പറഞ്ഞു.

അഡ്വ. സുരേഷ് കുറുപ്പ് എം.എൽ.എ ആദ്യ കിറ്റ് വിതരണം നിർവഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ബിജു കൂമ്പിക്കൽ , രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. സപ്ലൈകോ സി.എം.ഡി അലി അസ്ഗർ പാഷ റിപ്പോർട്ട് അവതരിപ്പിച്ചു. സപ്ലൈ കോ മാർക്കറ്റിംഗ് മാനേജർ ബി. സതീഷ് ബാബു സ്വാഗതവും പൊതുവിതരണ വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ നന്ദിയും പറഞ്ഞു.